DESPATCHED
On...06/02/2020
20. 1. 20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **CP 446(6)/2018/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.5242/SIC-Gen5/2018**

**സന്നിഹിതൻ**
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. സാനു എസ്.,
നാരായണിക്കൽ വീട്,
ചക്കാമ്പുഴ പി.ഒ.,
കോട്ടയം.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് കമ്മീഷണർ,
സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്,
അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം,
മിനി സിവിൽ സ്റ്റേഷൻ, പാലാ,
കോട്ടയം.
} എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 6.4.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 3.5.2018, 20.6.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 14.4.2018 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 18.5.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 9.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 17.1.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോട്ടയം. |
| ഹിയറിംഗ് സാന്നിദ്ധ്യം | പരാതി ഹർജിക്കാരൻ ഹാജരായി. എതിർകക്ഷി ഹാജരുണ്ടായില്ല. . |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. സാനു എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒരു മാസം 8 ദിവസങ്ങൾ കഴിഞ്ഞിട്ടും മറുപടി ലഭിച്ചില്ലെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

(i) എ4/841/2017-18 നമ്പറിൽ ടിയാൻ എതിർകക്ഷി ഓഫീസിൽ കൊടുത്ത മൊഴിയുടെ പകർപ്പ് നൽകണമെന്നും

(ii) മേൽപ്പടി ഹിയറിംഗ് സംബന്ധിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ, കമ്മീഷന് കൊടുത്ത റിപ്പോർട്ടിന്റെ പകർപ്പ് നൽകണമെന്നും

(iii) മേൽപ്പടി ഹിയറിംഗിലെ എല്ലാ റിക്കാർഡുകളും നൽകണമെന്നും

(iv) എതിർകക്ഷി റോബിൻ ചാണ്ടി, വാണിജ്യ നികുതി ഓഫീസർ, വൈക്കത്തിന്റെ മൊഴി നൽകണമെന്നുമാണ്.

3. കമ്മീഷൻ മുമ്പാകെ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 6.4.2018 തീയതി രേഖപ്പെടുത്തിയുള്ള അപേക്ഷ അസിസ്റ്റന്റ് കമ്മീഷണർ പാലായുടെ കാര്യാലയത്തിൽ 18.4.2018 നാണ് സമർപ്പിച്ചത് എന്നും പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ഹർജിക്കാരന് ലഭ്യമാക്കുന്നതിലേയ്ക്കായി 16/- രൂപ ഫീസ് ഒടുക്കുവാൻ നിർദ്ദേശിച്ച് 3.5.2018 തീയതി ഹർജിക്കാരന് അറിയിപ്പ് നൽകിയിരുന്നു എന്നും ആയത് ഹർജിക്കാരൻ കൈപ്പറ്റിയിരുന്നു എന്നും എന്നാൽ നിർദ്ദിഷ്ട ചലാൻ രസീത് 8.6.2018 തീയതി മാത്രമാണ് ഹർജിക്കാരൻ എതിർകക്ഷി ഓഫീസിൽ സമർപ്പിച്ചത് എന്നും 19.6.2018 തീയതി ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ടിയാന് നൽകുകയും 20.6.2018 തീയതി മേൽപ്പടി രേഖകൾ ഹർജിക്കാരൻ കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെന്നും മറ്റുമാണ്.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 20-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KOWDIAR, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk